| | |
|---|---|
| **GAZETTE DATE** | **: 30.12.2025** |
| **LAST DATE** | **: 04.02.2026** |

# CATEGORY NO: 613/2025

Applications are invited online only from qualified candidates for appointment in the under mentioned post in Kerala Government Service. Before applying for the post the candidates should register as per One Time Registration through the official website of Kerala Public Service Commission. Candidates who have already registered can apply through their profile.

1. **Department** : **Legal Metrology**
2. **Name of Post** : **Inspector of Legal Metrology**
3. **Scale of pay** : **₹ 43,400 – 91,200/-**
4. **Number of vacancies** : **Anticipated Vacancies**

**Note:** The Ranked list published by the Commission in response to this notification shall remain in force for a minimum period of one year provided that the said list will continue to be in force till the publication of a new list after the expiry of the minimum period of one year or till the expiry of three years whichever is earlier. Candidates will be advised from the said list against the vacancies that may be reported to the Commission during the period of currency of the Ranked list.

5. **Method of appointment** **:** Direct Recruitment

6. **Age Limit** : **18- 36**. Only candidates born between 02.01.1989 and 01.01.2007 (both dates included) are eligible to apply for this post with usual age relaxation to Scheduled Castes/ Scheduled Tribes and Other Backward Communities (For other conditions regarding age relaxations, please see para (2) of Part II General Conditions of the Gazette notification).

7. **Qualifications**: 1. Graduation in Science with Physics as one of the subjects conferred/ recognized by any of the Universities in Kerala.

or

B.Tech awarded/recognized by any of the Universities in Kerala.

or

Diploma in Engineering after undergoing a regular course of study of three years with three years professional experience in Central or State Government service or in Public Sector Undertaking or Registered Private Sector Undertaking after acquiring the basic qualification prescribed for the post, in the field of Engineering in which the candidate has earned the Diploma. [Experience in the department of Legal Metrology shall be considered equivalent to professional experience. ]

2. Must be able to speak, read and write Malayalam.

(Link)
EQUIVALENT / HIGHER QUALIFICATION

G.O. (P) No.11/2018/CAD dated 26/09/2018

Note: i) Rule 10 (a) (ii) of Part II of KS&SSR is applicable

ii) In addition to the qualification prescribed in the notification, the qualifications recognized by executive orders or by Standing orders of Government as equivalent to qualification specified for a post in the Special Rules and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post shall also be sufficient for the

post. The Government orders regarding the equivalent/higher qualifications shall be produced as and when required by the Commission.

iii) The Degrees/Diplomas awarded by UGC approved Universities or Institutions established through an act passed by Parliament/State Legislative Assembly in accordance with the conditions laid down in G.O (M.S) No.526/PD dated 17.07.1965 are acceptable for appointment in Government Services.

(Link)
https://www.keralapsc.gov.in/sites/default/files/inline-files/circular_12_18_1.pdf

**Probation**:- Every person appointed to the post shall from the date on which he joins duty be on probation for a period of two years on duty within a continuous period of three years.

**FORM OF EXPERIENCE CERTIFICATE**

**Name of the firm :**
(Company /Corporation/Government Department /Co-operative institution etc)
**Registration Number :**
(SSI Registration or any other Registration Number )
**Date of Registration :**
Authority issued Registration:

**CERTIFICATE OF EXPERIENCE**

Issued to (here enter Name and Address).........................................................................................

This is to certify that the above mentioned person has worked/has been working in this institution as .......................................................................... (here enter the name of the post including trade holding or held and the nature of assignment ie, Regular worker/Temporary worker/Paid apprentice/Trainee/Contract basis/Casual labourer) (Strike off whichever is not applicable) on Rs...................per day/per mensem for a period of.....years........months..........days........ from …/…./...... to ..../..../........ (from and to details are to be entered in DD/MM/YYYY format).

(If the experience is on daily wages or Contract basis or as Casual labourer, the total number of days worked should be entered )

| | | |
|---|---|---|
| **Place :** | **Signature with Date** | |
| **Date :** | **Name** | |
| | **Designation of the issuing Authority with Name of Institution** | |

**(Office Seal)**

**<u>CERTIFICATE</u>**

Certified that Sri/Smt..................................................mentioned in the above experience Certificate has actually worked/is working as.................(specify the nature of employment) in the above Institution during the period from.......... to........as per the entry in

the …............Register (mention the name of Register) maintained by the employer as per the provision of the ..............act (Name of the Act/ Rules to be specified)

Also certified that I am the authorized officer to inspect the Register kept by the employer as per the provisions of the Act/Rules of the.................State/Central Act.

| | | |
|---|---|---|
| **Place:** | **Signature with Date** | |
| **Date :** | **Name of Attesting Officer with Designation and Name of Office, who is the notified enforcement officer as per Act/Rules** | |

**(Office Seal)**

**Note:**

1. Please specify the post held or nature of assignment, casual Labourer, Paid/ Unpaid Apprentice/Regular worker or Temporary worker.

2. All Experience certificate shall be duly certified by the concerned Controlling Officer/Head of Office of the Government.

3. The genuineness of the certificate shall be subjected to verification and legal action will be taken against those who issue and produce bogus experience certificate.

8. **Training:-** Every person appointed to the post of Inspector of Legal Metrology shall have to successfully complete the Basic Training Course as specified in the Legal Metrology Act,2009 (Central Act 1 of 2010) or any rule made thereunder if he had not undergone that training previously.

9. **Mode of submitting Applications:-**

**a.** Candidates must register as per ONE TIME REGISTRATION with the Official Website of Kerala Public Service Commission www.keralapsc.gov.in before applying for the post. Candidates who have registered can apply by logging in to their profile using their User-ID and password. Candidates must click on the **Apply Now button of the respective posts in the Notification Link to apply for the post.** Name of the candidate and the date of photograph taken should be printed legibly at the bottom portion of the photograph.The photograph once uploaded meeting all requirements shall be valid for 10 years from the date of uploading. **Candidates creating new Profile should upload their Photograph taken within a period of 6 months**. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are advised to keep a printout or soft copy of the online application for future reference. **Candidates can take the print out of the application by clicking on the link My applications in their profile.** All correspondence with the Commission, regarding the application should be accompanied with the print out of the application.Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application on the profile candidates must ensure correctness of the information in their profile. They must quote the User-ID for further communication with the Commission. Application once submitted is received as provisional and cannot be deleted or altered after last date for receipt of applications. The application will be summarily rejected if non-compliance with the notification is found in due course of processing. Original Documents to prove qualification, experience, age, community etc. have to be produced as and when called for. The profile correction made by the candidates

themselves or through the office of the KPSC on request after the last date fixed for the receipt of applications will not be reflected in the application. Such corrections will come into effect only on the date on which corrections have been made.

**b.** If written/OMR/Online Test is conducted as part of this selection, candidates shall submit a confirmation for writing the examination through their One Time Registration Profile. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The applications of candidates who do not submit confirmation within the stipulated period, will be rejected absolutely. The periods regarding the submission of confirmation and the availability of Admission Tickets will be published in the Examination Calendar itself. Information in this regard will be given to the candidates in their respective profiles and in the mobile phone number registered in it.

**c.** Candidates who have AADHAAR Card should add AADHAAR as ID Proof in their profile.

**10. Special Instructions to Candidates:**

**a.** In the case of difference in Caste/Community claimed in the application and that entered in SSLC book, the candidate shall produce a Gazette Notification in this regard, along with Non Creamy Layer Certificate/Community Certificate at the time of certificate verification.

**b.** Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post.Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

**c.** Appropriate disciplinary action as per **Rule 22 of the Kerala Public Service Commission Rules of Procedure** shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written/practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

**11. Last date for submission of application :- 04.02.2026, Wednesday up to 12.00 midnight.**

**12. Address to which applications are to be sent:** www.keralapsc.gov.in

**(Candidates must see the General Conditions in Part II of the Gazette Notification for instructions regarding Photo, ID Card etc).**

SAJU GEORGE
SECRETARY
KERALA PUBLIC SERVICE COMMISSION

## കാറ്റഗറി നമ്പർ : 613/2025

കേരള സർക്കാർ സർവ്വീസിൽ താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈൻ ആയി അപേക്ഷകൾ ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈൽ വഴി അപേക്ഷിക്കാവുന്നതാണ്.

| | | | |
|---|---|---|---|
| 1. | **വകുപ്പ്** | : | **ലീഗൽ മെട്രോളജി** |
| 2. | **ഉദ്യോഗപ്പേര്** | : | **ഇൻസ്പെക്ടർ ഓഫ് ലീഗൽ മെട്രോളജി** |
| 3. | **ശമ്പളം** | : | **₹ 43,400 – 91,200/-** |
| 4. | **ഒഴിവുകളുടെ എണ്ണം** | : | **പ്രതീക്ഷിത ഒഴിവുകൾ** |

**കുറിപ്പ് :** ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് ഈ ലിസ്റ്റിൽ നിന്നും നിയമനശിപാർശ നടത്തുന്നതാണ്.

5. **നിയമന രീതി** : **നേരിട്ടുള്ള നിയമനം.**

6. **പ്രായപരിധി** : **18–36.** ഉദ്യോഗാർത്ഥികൾ 02.01.1989 നും 01.01.2007 നും ഇടയിൽ ജനിച്ചവരായി രിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ). പട്ടികജാതി /പട്ടിക വർഗ്ഗ വിഭാഗ ത്തിലുള്ളവർക്കും മറ്റുപിന്നോക്കസമുദായത്തിൽപ്പെട്ടവർക്കും നിയമാനുസൃത വയസ്സിളവ് ഉണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഗസറ്റ് വിജ്ഞാപനത്തിലെ പാർട്ട് II പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

7. **യോഗ്യതകൾ** :

1. കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല നല്കിയതോ അംഗീകരിച്ചതോ ആയതും ഫിസിക്സ് ഒരു വിഷയമായുള്ളതുമായ സയൻസ് ബിരുദം

അല്ലെങ്കിൽ

കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല നല്കിയതോ അംഗീകരിച്ചതോ ആയ ബിടെക് ബിരുദം

അല്ലെങ്കിൽ

മൂന്നു വർഷത്തെ റെഗുലർ പഠനത്തിനു ശേഷം നേടിയ എൻജിനീയറിങ് ഡിപ്ലോമ കൂടാതെ അടിസ്ഥാന യോഗ്യതയായ എൻജിനീയറിങ് ഡിപ്ലോമ നേടിയ അതെ മേഖലയിൽ കേന്ദ്ര/ സംസ്ഥാന സർക്കാർ സർവ്വീസിലോ അല്ലെങ്കിൽ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ നിന്നോ, രജിസ്റ്റർ ചെയ്ത സ്വകാര്യ സ്ഥാപനത്തിൽ നിന്നോ നേടിയ മൂന്നുവർഷത്തെ തൊഴിൽ പരിചയം. [ലീഗൽ മെട്രോളജി വകുപ്പിലെ പ്രവൃത്തി പരിചയം തൊഴിൽ പരിചയത്തിന് തുല്യമായി കണക്കാക്കുന്നതാണ്. ]

2. മലയാളത്തിൽ സംസാരിക്കുവാനും വായിക്കുവാനും എഴുതുവാനും ഉള്ള കഴിവുണ്ടായിരിക്കണം.

(Link)

EQUIVALENT / HIGHER QUALIFICATION

G.O. (P) No.11/2018/CAD dated 26/09/2018

**കുറിപ്പ് :**

(i) KS & SSR Part II Rule 10 (a) (ii) ബാധകമാണ്.

(ii) വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിങ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും നിർദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്.തത്തുല്യ യോഗ്യത/ ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തു ഹാജരാക്കേണ്ടതാണ് .

(iii) 17.07.1965-ലെ G.O (MS) NO.526/PD-യിലെ വ്യവസ്ഥകൾ പ്രകാരം പാർലമെന്റ് /സംസ്ഥാന നിയമ സഭകൾ ഇവയിലേതെങ്കിലും പാസ്സാക്കിയ നിയമപ്രകാരം സ്ഥാപിതമായിട്ടുള്ളതോ UGC അംഗീകൃതമായിട്ടുള്ളതോ ആയ സർവ്വകലാശാലകൾ നൽകുന്ന ഡിഗ്രികൾ, ഡിപ്ലോമകൾ എന്നിവ സർക്കാർ സർവ്വീസിലേക്കുള്ള നിയമനങ്ങൾക്ക് സ്വീകാര്യമാണ്.

(Link)
https://www.keralapsc.gov.in/sites/default/files/inline-files/circular_12_18_1.pdf

**പ്രൊബേഷൻ :** ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും .

## പരിചയ സർട്ടിഫിക്കറ്റ്

**സ്ഥാപനത്തിന്റെ പേര്** :
(കമ്പനി/കോർപ്പറേഷൻ/സർക്കാർ
വകുപ്പുകൾ/ /സഹകരണ സ്ഥാപനങ്ങൾ മുതലായവ.)

**രജിസ്റ്റർ നമ്പർ** :
(ചെറുകിട വ്യവസായ രജിസ്ട്രേഷൻ നമ്പർ അല്ലെങ്കിൽ
മറ്റേതെങ്കിലും രജിസ്ട്രേഷൻ നമ്പർ)

**സ്ഥാപനം രജിസ്റ്റർ ചെയ്ത തീയതിയും എവിടെ രജിസ്റ്റർ ചെയ്തു എന്നും** ;

ശ്രീ/ശ്രീമതി.........................................................................................................................
(അപേക്ഷകന്റെ പേരും മേൽവിലാസവും ) മുകളിൽ പറഞ്ഞിരിക്കുന്ന ആൾ ഈ സ്ഥാപനത്തിൽ ........................................തസ്തികയിൽ...................മുതൽ...................വരെ (കാലയളവ് വ്യക്തമാക്കണം)സ്ഥിരമായി/ താൽ ക്കാലികമായി/കരാർ അടിസ്ഥാനത്തിൽ/ അപ്രന്റീസായി/ ട്രെയിനിയായി /കാഷ്വൽ തൊഴിലാളിയായി (ബാധകമല്ലാത്തതു വെട്ടിക്കളയുക.) ( ട്രേഡ് ഉൾപ്പെടെയുള്ള ജോലിയുടെ പേര് ജോലിയുടെ സ്വഭാവം ഇവ രേഖപ്പെടുത്തുക.)................വർഷം ..............മാസം ............ദിവസം (DD/MM/YYYY എന്ന മാതൃകയിൽ രേഖപ്പെടുത്തണം) .......................രൂപ മാസ ശമ്പളത്തിൽ /ദിവസ ശമ്പളത്തിൽ ജോലിചെയ്തിട്ടുണ്ട്/ ചെയ്തു വരികയാണ് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തി ക്കൊള്ളുന്നു .

(ദിവസ വേതനത്തിൽ കാഷ്വൽ തൊഴിലാളിയായോ കരാർ വ്യവസ്ഥയിലോ ജോലി ചെയ്തതാണെങ്കിൽ ആകെ ജോലി ചെയ്ത ദിവസങ്ങളുടെ എണ്ണം രേഖപ്പെടുത്തണം)

| | |
|---|---|
| **തീയതി സഹിതമുള്ള ഒപ്പ്** | |
| **പേര്** | |
| **സർട്ടിഫിക്കറ്റ് നൽകുന്ന അധികാരിയുടെ ഔദ്യോഗിക പദവി, സ്ഥാപനത്തിന്റെ പേര്** | |

**സ്ഥലം:**

**തീയതി:**

**(ഓഫീസ് മുദ്ര)**

## സാക്ഷ്യപത്രം

..................................നിയമപ്രകാരം /ചട്ടപ്രകാരം സ്ഥാപന ഉടമ /തൊഴിലുടമ നിർബന്ധമായും സൂക്ഷിക്കുവാൻ ബാധ്യതപ്പെട്ട ................................................................ രജിസ്റ്റർ പരിശോധിച്ച് (രജിസ്റ്ററിന്റെ പേര് ) മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിക്കുന്ന ....................എന്ന ജീവനക്കാരൻ.........മുതൽ................. വരെ യുള്ള കാലയളവിൽ ടി സ്ഥാപനത്തിൽ ............................................................ആയി ജോലി ചെയ്തിരുന്നു /ജോലി ചെയ്യുന്നു എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഞാൻ കേരള/കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ..........................................എന്ന ചട്ടപ്രകാരം/ നിയമപ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകളെ സംബന്ധിച്ച് സ്ഥാപന ഉടമ സൂക്ഷിക്കേണ്ട രജിസ്റ്റർ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനാണ്.

| | | |
|---|---|---|
| | **തീയതി സഹിതമുള്ള ഒപ്പ്** | |
| **സ്ഥലം:**<br>**തീയതി:** | **ചട്ട പ്രകാരം / നിയമ പ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകൾ സാക്ഷ്യപ്പെടുത്തുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക പദവി സ്ഥാപനത്തിന്റെ പേര്** | |

**(ഓഫീസ് മുദ്ര)**

**കുറിപ്പ് :**

**1.** ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ തസ്തികയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രെന്റിസ് അല്ലെങ്കിൽ സ്ഥിരമോ താത്കാലികമോ ആയ തൊഴിലാളി ഇവയിൽ ഏതാണോ അത് സൂചിപ്പിക്കണം

**2.** എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി /മേലധികാരിയെ ക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

**3.** സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനക്ക് വിധേയമാക്കുന്നതും വ്യാജസർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.

**8. പരിശീലനം :** ലീഗൽ മെട്രോളജി വകുപ്പിൽ ഇൻസ്പെക്ടർ തസ്തികയിലേക്ക് നിയമിക്കപെടുന്നവർ മുൻപ് പരിശീലനം നേടിയിട്ടില്ലാത്ത പക്ഷം 2009-ലെ ലീഗൽ മെട്രോളജി ആക്ട് (2010-ലെ സെൻട്രൽ ആക്ട് -1 ) അല്ലെങ്കിൽ അനുബന്ധ ചട്ടപ്രകാരമുള്ള അടിസ്ഥാന പരിശീലന കോഴ്സ് പൂർത്തിയാക്കേണ്ടതാണ്

**9. അപേക്ഷ സമർപ്പിക്കേണ്ട രീതി**

**(എ)** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് log in ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. **പുതുതായി രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോഗ്രാഫ് അപ് ലോഡ് ചെയ്യേണ്ടതാണ്.** ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ Soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. **ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ Print out കൂടി സമർപ്പിക്കേണ്ടതാണ്.** Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിക്ക് ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. അവസാന തീയതിക്ക് ശേഷം പ്രൊഫൈലിൽ ഉദ്യോഗാർത്ഥികൾ സ്വയം വരുത്തുന്ന തിരുത്തലുകളും കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഓഫീസ് മുഖാന്തിരം വരുത്തുന്ന തിരുത്തലുകളും പ്രസ്തുത അപേക്ഷയിൽ വരുന്നതല്ല. ഇപ്രകാരമുള്ള തിരുത്തലുകൾ മൂലം ഉണ്ടാകുന്ന മാറ്റങ്ങൾക്ക് തിരുത്തലുകൾ വരുത്തുന്ന തീയതി മുതലേ പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ.

**(ബി)** ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത് / ഒ.എം.ആർ / ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷ ത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെ കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചുമുള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാക്കലണ്ടറിൽ ഉൾപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്.

**(സി)** ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

**10. ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ :**

**(എ)** ഉദ്യോഗാർത്ഥി, അപേക്ഷയിൽ അവകാശപ്പെട്ട ജാതി/സമുദായം എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമാണെങ്കിൽ നോൺ ക്രീമിലെയർ/ ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധന സമയത്തു ഹാജരാക്കേണ്ടതാണ്.

**(ബി)** ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ച് മനസ്സിലാക്കിയശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

**(സി)** വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ **കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രോസിജിയർ റൂൾ 22** പ്രകാരം ഏതൊരു ജോലിക്ക് അപേക്ഷിക്കുന്നുവോ അതിലേക്ക് പരിഗണിക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയക്കുന്നതിൽ നിന്നും നിരോധിക്കുകയോ, പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ ,എഴുത്തു പരീക്ഷയിലെ ഉത്തരക്കടലാസുകളോ അസാധുവാക്കുകയോ.ഉദ്യോഗാർത്ഥികളുടെ മേൽ നിയമ നടപടികൾ എടുക്കുകയോ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും നീക്കം ചെയ്യുകയോ , ഡിസ്മിസ്സ് ചെയ്യുകയോ അനുയോജ്യമായ മറ്റു അച്ചടക്ക നടപടികൾ/നിയമ നടപടികൾ സ്വീകരിക്കുകയോ, മേല്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ കൈക്കൊള്ളുകയോ ചെയ്യുന്നതാണ് .

**11. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി : 04.02.2026 ബുധനാഴ്ച അർദ്ധരാത്രി 12.00 മണി വരെ**

**12. അപേക്ഷ സമർപ്പിക്കേണ്ട വെബ്സൈറ്റ് :** www.keralapsc.gov.in

(ഫോട്ടോ , ID കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ പാർട്ട് – 2 ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ കൂടി നോക്കുക)

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ